**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 34** **23-07-2021 - ൽ മറുപടിയ്ക്ക്**

**സ്ഥാപന വനവൽക്കരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. എം.വിജിൻ,<br>ശ്രീ ജി സ്റ്റീഫൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ ഹരിത കവചം മുപ്പത്തിമൂന്ന് ശതമാനമാക്കാനുള്ള ഊർജ്ജിത ശ്രമങ്ങളുടെ ഭാഗമായി വനം വകുപ്പ് നടപ്പാക്കുന്ന സ്ഥാപന വനവൽക്കരണ പദ്ധതി പ്രകാരം മികച്ച രീതിയിൽ മരം നട്ടുവളർത്തി പരിപാലിക്കുന്നവർക്ക് അവാർഡ് ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ; | (എ) | വനം വകുപ്പ് നടപ്പാക്കുന്ന സ്ഥാപന വനവൽക്കരണ പദ്ധതി പ്രകാരം മികച്ച രീതിയിൽ മരം നട്ടുവളർത്തി പരിപാലിക്കുന്നവർക്ക് അവാർഡ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് അനുഭാവപൂർവ്വം പരിശോധിച്ചുവരുന്നു. |
| (ബി) | പ്രസ്തുത അവാർഡിനായി പ്രത്യേക മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വനം വകുപ്പ് നടപ്പാക്കുന്ന സ്ഥാപന വനവൽക്കരണ പദ്ധതി പ്രകാരം മികച്ച രീതിയിൽ മരം നട്ടുവളർത്തി പരിപാലിക്കുന്നവർക്ക് അവാർഡ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് അനുഭാവപൂർവ്വം പരിശോധിച്ചുവരുന്നു. |
| (സി) | അതിജീവനത്തിന്റെ മാർഗ്ഗമാണ് പ്രകൃതി സംരക്ഷണമെന്ന് പുതിയ തലമുറയെ ബോധ്യപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂൾ, കോളേജ് തലങ്ങളിൽ നടപ്പാക്കുന്ന വിദ്യാവനം പദ്ധതിയുടെയും പട്ടണങ്ങളിൽ നടപ്പാക്കുന്ന നഗരവനം പദ്ധതിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | വിദ്യാവനം:- വിദ്യാലയങ്ങളിൽ വളരെ ചുരുങ്ങിയ സ്ഥലത്ത് സ്വാഭാവിക വനങ്ങളുടെ സാദൃശ്യമുള്ള, അതിസാന്ദ്രതയിൽ നട്ടുവളർത്തിയെടുക്കുന്ന ചെറുവനങ്ങളാണ് വിദ്യാവനങ്ങൾ,. ചുരുങ്ങിയ ചെലവിൽ വിഭവങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളിൽ ജൈവവൈവിധ്യ സംരക്ഷണ ബോധം വളർത്തിയെടുക്കുന്നതിനും വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനുമുള്ള പ്രായോഗിത പരിശീലനം നൽകുന്നതിനും ഉദ്ദേശിച്ചാണ് വിദ്യാവനങ്ങൾ നിർമ്മിക്കുന്നത്. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെയും കോളേജുകളിലൂടെയും ഫോറസ്ട്രി ക്ലബ്ബുകളിലൂടെയും വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തത്തോടെയാണ് ഈ പരിപാടിയുടെ ആസൂത്രണവും നടത്തിപ്പും തുടർന്നുള്ള പരിപാലനവും വിലയിരുത്തലും നിർവ്വഹിക്കുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിന് ഏറ്റവും കുറഞ്ഞത് 5 സെൻറ് സ്ഥലമെങ്കിലും ആവശ്യമായി വരുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായി വനം വകുപ്പ് പരമാവധി 2 ലക്ഷം രൂപ വരെ ചെലവുകൾക്കായി നൽകുന്നു. |

പ്രസ്തുത ഫോറസ്ട്രി ക്ളബ്ബുകളുടെ ഉത്തരവാദിത്വത്തിലായിരിക്കും വിദ്യാവനങ്ങളുടെ തുടർന്നുള്ള പരിചരണവും മേൽ നോട്ടവും. ജൈവ രീതികളിലൂടെ മണ്ണിന്റെ ഫലഭൂയിഷ്ഠി വർദ്ധിപ്പിക്കുക, ജല ആഗിരണ ശേഷി വർദ്ധിപ്പിക്കുക, വൃക്ഷാവരണങ്ങളുടെ വിവിധ തട്ടുകളിൽ വരുന്ന തദ്ദേശീയ ഇനങ്ങളായ ഔഷധികൾ, കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ, മരങ്ങൾ എന്നിവ അതിസാന്ദ്രതയിൽ നട്ടുപിടിപ്പിച്ച് പരിപാലിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രത്യേകത. ഇത് മൂലം ഉദ്ദേശ്യം പത്ത് പതിനഞ്ച് വർഷങ്ങൾക്കുള്ളിൽത്തന്നെ ജൈവ വൈവിധ്യ സമ്പുഷ്ടമായ പൂർണ്ണ വളർച്ചയെത്തിയ വനങ്ങൾ ചുരുങ്ങിയ സ്ഥലത്ത് നിർമ്മിച്ചെടുക്കാൻ സാധിക്കുന്നു. തദ്ദേശിയ സസ്യങ്ങൾ തെരഞ്ഞെടുക്കുമ്പോൾ പ്രാദേശിക കാലാവസ്ഥയ്ക്കും മണ്ണിന്റെ ഘടനയ്ക്കും യോജിക്കുന്ന ഫലവൃക്ഷങ്ങൾക്കും ഔഷധ സസ്യങ്ങൾക്കും പ്രത്യേക പരിഗണന നൽകുന്നു. സംസ്ഥാനത്തൊട്ടാകെ 2020-21 വർഷത്തിൽ 14 ജില്ലകളിലായി 21 വിദ്യാവനങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ 14 ജില്ലകളിലായി 26 വിദ്യാവനങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നഗരവനം:- നഗരങ്ങളിൽ ചെറുപച്ചത്തുരുത്തുകൾ കൃത്രിമമായി വളർത്തിയെടുക്കുന്ന ഒരു പദ്ധതിയാണ് നഗരവനം. നഗരവനം പദ്ധതി പ്രകാരം കൃത്രിമ വനങ്ങൾ നഗരങ്ങളിൽ സൃഷ്ടിക്കുന്നു. എല്ലാ അർത്ഥത്തിലും വനത്തെ അനുസ്മരിപ്പിക്കുന്ന രീതിയിലായിരിക്കും ഇത്തരം നഗര വനങ്ങൾ വളർത്തിയെടുക്കുക. തദ്ദേശീയ വൃക്ഷതൈകൾ ഉപയോഗിച്ച് വളർത്തിയെടുക്കുന്ന നഗരവനത്തിൽ സ്വാഭാവിക വനത്തിന്റെ വിവിധ തലങ്ങളും ദർശിക്കാൻ സാധിക്കുന്നതാണ്. കേവലം 5 സെന്റ് വിസ്തീർണ്ണമുള്ള സ്ഥലം മുതൽ ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. വിദ്യാർത്ഥികൾ, റെസിഡൻസ് അസോസിയേഷനുകൾ, നേച്ചർ ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെ നടപ്പിൽ വരുത്തുന്ന ഇത്തരം നഗരവനങ്ങൾ ഹരിതഗൃഹ പ്രഭാവ ലഘൂകരണം, ശുദ്ധവായു സമാഹരണം, പക്ഷികളുടെ ആവാസ കേന്ദ്രമൊരുക്കൽ, ഹരിതാഭ വർദ്ധനവ് എന്നിവയോടൊപ്പം ജനങ്ങളിൽ പ്രകൃതിയോട് സ്നേഹവും, അനുഭാവവും, സംരക്ഷണ ചിന്താമനോഭാവവും ഉണർത്തുവാൻ ഉപകരിക്കുന്നു. തൃശ്ശൂർ വനം ഡിവിഷന് കീഴിൽ വടക്കാഞ്ചേരി

| | | | |
|---|---|---|---|
| | | | റെയിഞ്ചിൽ പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ ഓട്ടുപാറയിൽ 5.78 സെൻറ് വിസ്തൃതിയിൽ സ്ഥിതിചെയ്യുന്ന പ്രദേശത്ത് തൃശ്ശൂർ (നോർത്ത്) റിസർച്ച് ഡിവിഷന് കീഴിലുള്ള പാലക്കാട് സിൽവികൾച്ചറൽ യൂണിറ്റ് നടപ്പിലാക്കുന്ന നഗരവനം പദ്ധതിയുടെ ഉത്ഘാടനം 02/07/2020-ാം തീയതി നിർവ്വഹിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ ആകെ 5 നഗരവനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ